## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4978 24.07.2015-ൽ മറുപടിക്ക്**

**കാസർ ഗോഡ് ജില്ലയിലെ കടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കാസർ ഗോഡ് ജില്ലയിലെ മുന്നാട്-ബേഡഡുക്ക വില്ലേജുകളിൽ കടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് (ARWSS to Munnad - Bedodukka Village) എന്നാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; | എ) | പ്രസ്തുത പദ്ധതിക്ക് ARP യിൽ ഉൾപ്പെടുത്തി 29.02.2008 ൽ 700 ലക്ഷം രൂപയുടെ ഭരണാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് കടിവെള്ളം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | ബി) | പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ഇൻ ടേക്ക് വെൽ, റോവാട്ടർ ക്ലീയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല തുടങ്ങിയവ പൂർത്തീകരിച്ചു. 3 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 60% പൂർത്തീകരിച്ചു. റോ വാട്ടർ ക്ലീയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കരാർ നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തീ കരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ? | സി) | ഈ പദ്ധതി 03/2016 ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനാൽ പ്രവൃത്തികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ